**പതിനാറാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 832** **24-06-2026-ൽ മറുപടിയ്ക്ക്**

**<u>മുൻ സർക്കാർ നടപ്പിലാക്കിയ എനർജി ഓഡിറ്റിന്റെ വിശദാംശങ്ങൾ</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. വി. ജോയി

ശ്രീ. പി. മമ്മിക്കുട്ടി

ശ്രീ. എം. എസ്. അരുൺ കുമാർ

ശ്രീ. മോൻസ് ജോസഫ്
(ജലവിഭവ - ഭവനനിർമ്മാണ വകുപ്പ് മന്ത്രി)

**(എ)** കാര്യക്ഷമമല്ലാത്ത പമ്പിംഗ് സംവിധാനങ്ങൾ മാറ്റുന്നതിനായി മുൻ സർക്കാർ നടപ്പിലാക്കിയ എനർജി ഓഡിറ്റിന്റെ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

**<u>മറുപടി:</u>** കേരള വാട്ടർ അതോറിറ്റിയുടെ കീഴിലുള്ള പ്രധാനപ്പെട്ട 16 ഹൈ ടെൻഷൻ (HT) പമ്പിംഗ് സ്റ്റേഷനുകളിലെ വൈദ്യുതി ഉപഭോഗം കാര്യക്ഷമമാക്കുന്നതിനും ഊർജ്ജ നഷ്ടം കുറയ്ക്കുന്നതിനുമായി കേരള സർക്കാരിന്റെ കീഴിലുള്ള എനർജി മാനേജ്മെന്റ് സെന്റർ മുഖാന്തിരം വിശദമായ എനർജി ഓഡിറ്റ് നടത്തുകയുണ്ടായി.

ഈ പദ്ധതി നടപ്പിലാക്കുന്നതിനായി 6.79 കോടി രൂപയുടെ ഭരണാനുമതി നൽകുകയും, കരാറുകൾ ഉറപ്പാക്കി നിർദ്ദിഷ്ട പ്രവർത്തനങ്ങൾ പൂർത്തിയാക്കുകയും ചെയ്തിട്ടുണ്ട്. കാലപ്പഴക്കം ചെന്നതും കാര്യക്ഷമത കുറഞ്ഞതുമായ പമ്പ് സെറ്റുകൾ, മറ്റ് അനുബന്ധ ഇലക്ട്രിക്കൽ സംവിധാനങ്ങൾ തുടങ്ങിയവ മാറ്റി സ്ഥാപിക്കുന്നതുൾപ്പെടെ ഓഡിറ്റിന്റെ ശിപാർശകൾ സമയബന്ധിതമായി നടപ്പാക്കിയതിനെ തുടർന്ന് ഇവിടങ്ങളിലെ പമ്പിംഗ് സംവിധാനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കുവാൻ സാധിച്ചിട്ടുണ്ട്.

അതോടൊപ്പം കേരള വാട്ടർ അതോറിറ്റിയുടെ വിവിധ ഹൈ ടെൻഷൻ (HT), ലോ ടെൻഷൻ (LT) കണക്ഷനുകളുള്ള പമ്പിങ് സ്റ്റേഷനുകളിലും ജലശുദ്ധീകരണശാലകളിലും കൃത്യമായ ഇടവേളകളിൽ എനർജി ഓഡിറ്റ് നടത്തുന്നതിനായി സ്വന്തം നിലയിൽ സ്ഥിരം സംവിധാനം കേരള വാട്ടർ അതോറിറ്റി ഒരുക്കിയിട്ടുണ്ട്. നാളിതുവരെ ആകെ 24 പദ്ധതി ഘടകങ്ങളിൽ എനർജി ഓഡിറ്റ് പൂർത്തിയാക്കിയിട്ടുണ്ട്.

**സെക്ഷൻ ഓഫീസർ**